# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 3, Issue:08

ജൂലൈ 6 വ്യാഴം 2023

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# സാംക്രമിക രോഗങ്ങളെ സൂക്ഷിക്കുക


കെ അനഘ

**മഴക്കാലം പകർച്ചവ്യാധികളുടെ കൂടി കാലഘട്ടമാണ്. മനുഷ്യർക്കെന്ന പോലെ തന്നെ മൃഗങ്ങളിലും സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കുന്നു. നായ്ക്കളിൽ പടരുന്ന പർവോ വൈറസ്, പന്നികളിൽ പടരുന്ന ആഫ്രിക്കൻ പന്നി പനി തുടങ്ങിയ രോഗങ്ങൾ മൃഗങ്ങളിൽ കൂടുതലായും ഈ സമയങ്ങളിൽ കാണപ്പെടുന്നതിനാൽ തന്നെ ജാഗ്രത അത്യാവശ്യമാണ്. ഇതിൽ തന്നെ പർവോ വൈറസും ആഫ്രിക്കൻ പന്നിപനിയും അടുത്ത പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്തതിനാൽ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്.**

## പർവോ വൈറസ് :

നായ്ക്കളിൽ ജീവനു വരെ വെല്ലുവിളി ഉയർത്തി പാർവോ വൈറസ് വളരെ വ്യാപകമാകുന്നു. നായ്ക്കുട്ടികൾക്കും വാക്സീൻ എടുക്കാത്ത നായ്ക്കൾക്കുമാണു രോഗം കൂടുതൽ വില്ലനാകുക. എന്നാൽ നായ്ക്കളിൽ നിന്ന് ഇത് മനുഷ്യരിലേക്ക് പകരുന്നതല്ല. 'പാർവോ അഥവാ വൈറൽ ഹെമറേജിക് എൻററൈറ്റിസ് എന്നറിയപ്പെടുന്ന ഈ സാംക്രമികരോഗത്തിന് കാരണം കനൈൻ പാർവോ വൈറസുകളാണ്. വൈറസിനെതിരായ ഫലപ്രദമായ മരുന്നുകൾ ലഭ്യമല്ലാത്തതും, വേഗത്തിൽ പടർന്നുപിടിക്കാനുള്ള വൈറസിന്റെ ശേഷിയും രോഗനിയന്ത്രണം ശ്രമകരമാക്കും. അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ചരൾ മൃഗാശുപത്രിയിൽ ജൂൺ മാസത്തിൽ രണ്ടു പർവോ വൈറസ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ചരൾ മൃഗാശുപത്രിയിലെ ഡോക്ടർ എസ് കെ ശരണ്യ പറഞ്ഞു.

വേനൽ ചൂടിനെയും തണുപ്പിനെയും അണുനാശിനികളെയുമെല്ലാം അതിജീവിച്ച് ദീർഘകാലം മണ്ണിൽ സുഖസുഷുപ്തിയിൽ കഴിയാൻ ശേഷിയുള്ളവരാണ് കനൈൻ പാർവോ വൈറസുകൾ. അന്തരീക്ഷ ഈർപ്പം ഉയരുകയും താപനില കുറയുകയും ചെയ്യുന്ന അനുകൂലസാഹചര്യങ്ങളിൽ പാർവോ വൈറസ് രോഗാണുക്കൾ സജീവമായി രോഗമുണ്ടാക്കും. വേനൽ മാറി മഴയെത്തുന്ന ഇടക്കാലത്ത് രോഗനിരക്ക് പൊതുവെ ഉയരുമെങ്കിലും ഏത് കാലാവസ്ഥയിലും രോഗം പടർത്താൻ ശേഷിയുള്ളവരാണ് കനൈൻ പാർവോ വൈറസുകൾ.




### പകരുതെങ്ങനെ?

പാർവോ വൈറസ് രോഗബാധിതരായ മറ്റു നായക്കളിൽനിന്നാണു പകരുന്നത്. അവയുടെ വിസർജ്യം കലർന്ന മണ്ണിൽ നായ്ക്കൾ പോകാനിടയായാൽ വൈറസ് ബാധിക്കാൻ സാധ്യതയുണ്ട്. മണ്ണിൽ വൈറസ് ഏറെക്കാലം കാണുമെന്നതിനാൽ, കഴിവതും വളർത്തുനായ്ക്കളെ ഈ സമയത്തു നടക്കാൻ പുറത്തു കൊണ്ടുപോകാതിരിക്കുന്നതാണു നല്ലത്. വീട്ടിൽ നിന്ന് പുറത്തുപോയി വരുന്നവരുടെ ചെരിപ്പുകൾ , യാത്ര കഴിഞ്ഞു വരുന്ന വാഹനങ്ങളുടെ ടയറുകൾ എല്ലാം മണക്കു സ്വഭാവം നായ്ക്കൾക്കുണ്ട് പല സ്ഥലങ്ങളിൽക്കൂടി വരുതായതിനാൽ ഈ ശീലം അപകടകരമയെക്കാം. മറ്റു നായ്ക്കളുടെ ഉമിനീരിൽ നിന്നും വൈറസ് പകരാം.

### ലക്ഷണങ്ങൾ

* വയറിളക്കവും ഛർദ്ദിയുമാണ് പ്രധാന ലക്ഷണങ്ങൾ.

* ക്ഷീണം, ഭക്ഷണം കഴിക്കാതിരിക്കുക, എപ്പോഴും ഉറക്കം.

ചെറിയ അസ്വസ്ഥതകൾ തുടങ്ങുമ്പോഴേ വളർത്തുനായ്ക്കളെ ഡോക്ടറെ കാണിക്കുക. പരിശോധന നടത്തി നേരത്തേ ചികിത്സ നൽകുക. നിർജലീകരണം ഉണ്ടാകാം എതിനാൽ വെള്ളം കുടിപ്പിക്കുക.

### പ്രതിരോധം

*നായ്ക്കൾ ധാരാളം ഉള്ള സ്ഥലങ്ങളിൽ നായ്ക്കുട്ടികളെ കൊണ്ടു പോകാതിരിക്കുക.

* വളർത്തുനായ്ക്കളെ തൊടുന്നതിനു മുൻപും ശേഷവും കൈകൾ സോപ്പിട്ടു കഴുകുക.

*യാത്ര കഴിഞ്ഞുവന്നാൽ ചെരിപ്പുകൾ, വണ്ടികൾ കഴുകുക.

## ആഫ്രിക്കൻ സ്വൈൻ ഫീവർ

പന്നികളെബാധിക്കുന്ന ഒരു വൈറസ് രോഗമാണ് ആഫ്രിക്കൻ പന്നിപനി.

ഇന്ത്യയിൽ ആദ്യമായി രോഗം റിപ്പോർട്ട് ചെയ്യുന്നത് 2020 ഫെബ്രുവരിയിൽ ആസാമിലും കേരളത്തിൽ വയനാട്ടിലെ മാനന്തവാടി, തവിഞ്ഞാൽ എന്നിവിടങ്ങളിലെ സ്വകാര്യഫാമുകളിലുമാണ്.

കണ്ണൂർ ജില്ലയിൽ 2022 ജൂലൈ മാസത്തിൽ കണിച്ചാർ പഞ്ചായത്തിൽ രോഗം റിപ്പോർട്ടു ചെയ്യുകയും തുടർന്ന് പേരാവൂർ, ആറളം, പായം,എന്നീ പഞ്ചായത്തുകളിലെ പന്നികളിലും രോഗം സ്ഥിരീകരിക്കുകയും ചെയ്തു. ഉദയഗിരി പഞ്ചായത്തിൽ ഈ ജൂൺ മാസത്തിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.

പന്നികളെ മാരകമായി ബാധിക്കുന്ന ഒരു സാംക്രമിക വൈറസ് രോഗമായ ആഫ്രിക്കൻ പന്നിപനിക്ക് മരണനിരക്ക് 100 ശതമാനമാണ്. പന്നിയൊഴികെ മറ്റ് മൃഗങ്ങളിലേക്കോ മനുഷ്യരിലേക്കോ പകരുന്ന രോഗമല്ല ആഫ്രിക്കൻ പന്നിപനി. ഇതിനെതിരെ വാക്സിനോ ചികിത്സയോ ലഭ്യമല്ല.

കഠിനമായ പനി, വിശപ്പില്ലായ്മ, ഛർദ്ദി, ശ്വാസതടസ്സം, വയറിളക്കം, ക്ഷീണം, തൊലിപ്പുറത്തെ രക്തസ്രാവം എന്നിവയാണ് രോഗലക്ഷണങ്ങൾ. രോഗം സ്ഥിരീകരിച്ച പന്നികളെയും ഫാമിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പന്നികളെയും കൊന്ന് ശാസ്ത്രീയമായി സംസ്കരിക്കുക എന്ന താണ് പ്രധാന രോഗനിയന്ത്രണ മാർഗ്ഗം. തുടർന്ന് അണുനശീകരണം നടത്തിയതിനു ശേഷം 3 മാസം ഫാം പൂർണ്ണമായും അടച്ചിടണം.

**മൃഗ സംരക്ഷണ വകുപ്പ് കർഷകർക്ക് നൽകുന്ന അറിയിപ്പ്.**

1. വളർത്ത് പന്നികളിലോ കാട്ടുപന്നികളിലോ ഉയർന്ന നിരക്കിലുള്ള അസ്വാഭാവിക മരണം ശ്രദ്ധയിൽ പെട്ടാൽ വെറ്ററിനറി സർജനെ വിവരം അറിയിക്കുക.
2. പന്നി ഫാമുകളിൽ കർശനമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുക, അണുനശീകരണത്തിനായി കുമ്മായം, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയ അണുനാശിനികൾ ഉപയോഗിക്കുക.
3. ഫാമുകളിൽ സന്ദർശകരുടെയും, വാഹനങ്ങളുടെയും പോക്ക് വരവിന് കർശനമായ വിലക്ക് ഏർപ്പെടുത്തുക. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ വാഹനങ്ങളും, പാദരക്ഷകളും, ഉപകരണങ്ങളും, അണുവിമുക്തമാക്കിയതിന് ശേഷം മാത്രം പ്രവേശനം അനുവദിക്കുക.
4. പന്നി ഫാമുകളിൽ ജോലി ചെയ്യുന്ന വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികൾ രോഗ ബാധിത പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുതിന് ഒരു മാസത്തേക്ക് വിലക്ക് ഏർപ്പെടുത്തുക.
5. മാലിന്യങ്ങൾ ജല സ്രോതസുകളിലേക്ക് എത്താതെ സൂക്ഷിക്കേണ്ടതും, ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്.
7. പട്ടുണ്ണി പോലുള്ള ബാഹ്യ പരാദങ്ങളുടെ സാനിധ്യം ശ്രദ്ധയിൽ പെട്ടാൽ വെറ്ററിനറി സർജന്റെ ഉപദേശ പ്രകാരം അവയെ നശിപ്പിക്കേണ്ടതാണ്.
8. ഹോട്ടലുകളിൽ നിന്നുള്ള ആഹാര അവശിഷ്ടങ്ങൾ പന്നികൾക്ക് നൽകുന്നത് അസുഖ വ്യാപനത്തിന് ഇടയാക്കുമെതിനാൽ കഴിവതും ഒഴിവാക്കേണ്ടതും അതിന് സാധിക്കാത്ത സാഹചര്യത്തിൽ 20 മിനിറ്റിനു മുകളിൽ തിളപ്പിച്ച് ഉപയോഗിക്കേണ്ടതുമാണ്.
9. നിലവിലെ സാഹചര്യത്തിൽ പന്നികൾ, പന്നിയിറച്ചി ഉൾപ്പടെയുള്ള വിവിധ ഉൽപ്പങ്ങൾ, വിസർജ്ജ്യങ്ങൾ അടങ്ങിയ ജൈവവളം എന്നിവ കയറ്റുമതിയോ ഇറക്കുമതിയോ, ചെയ്യാതിരിക്കുവാൻ ജാഗ്രത പാലിക്കുക.

# ബാരാപോൾ കനാലിലെ ചോർച്ചയിൽ ലക്ഷങ്ങളുടെ നഷ്ടം

ജിസ്ന ഷിഫ

കനാൽ ചോർച്ചയിൽ ലക്ഷങ്ങളുടെ നഷ്ടം വിതച്ച് ബാരാപോൾ ജല വൈദ്യുത പദ്ധതി. കേരളത്തിലെ ഏറ്റവും ചിലവു കുറഞ്ഞ വൈദ്യുതോൽപാദന പദ്ധതിയായ ബാരാപോളിൽ കനാലിലെ ചോർച്ച കാരണം ഈ വർഷം വൈദ്യുതി ഉൽപ്പാദിപ്പിച്ചത് ഒരു ദിവസം മാത്രം. സമീപത്തെ ചില വീടുകൾക്കടിയിലൂടെ പോകുന്ന കനാലുകളിൽ വിള്ളൽ വീഴുകയും ചോർച്ച അനുഭവപ്പെടുകയും ചെയ്തതിനാൽ വൈദ്യുതി ഉൽപാദനം നിർത്തി വെക്കുകയും പ്രദേശ വാസികളും ജനപ്രതിനിധികളും പദ്ധതിയധികൃതരോട് സംസാരിക്കുകയും ചെയ്തു.

കുറ്റിയാനിക്കൽ ബിനോയ്, പല്ലാട്ട് റിന്നി, കുറ്റിയാനിക്കൽ സണ്ണി, ചാലിൽ മേരി, തുടങ്ങിയവരുടെ വീടുകളാണ് ചോർച്ച കാരണം ഭീഷണിയിലായത്. പരാതിയെത്തുടർന്ന് പേരാവൂർ നിയോജകമണ്ഡലം എം എൽ എ അഡ്വ: സണ്ണി ജോസഫ്, അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, ബാരാപോൾ മിനി ജല വൈദ്യുത പദ്ധതി എഞ്ചിനിയർമാർ, കെ എസ് ഇ ബി ഉദ്യോഗസ്ഥർ എന്നിവർ സ്ഥലം സന്ദർശിക്കുകയും ജനപ്രതിനിധികൾ പരാതിക്കാരുടെ പ്രശ്നങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കാൻ അധികൃതരോട് ആവശ്യപ്പെടുകയും ചെയ്തു.

ഒരു ദിവസത്തെ വൈദ്യുതിയുൽപ്പാദനം മുടങ്ങിയാൽ ഇരുപത്തിയെട്ട് ലക്ഷത്തോളം രൂപ കേരളം സർക്കാരിന് നഷ്ടം വരുന്ന ബാരാപോൾ ജല വൈദ്യുത പദ്ധതി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് താലൂക്ക് സഭയിൽ പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ സംസാരിച്ചു.

## തീരുമാനത്തിലെത്താനാവാതെ വീട് ഏറ്റെടുക്കൽ ചർച്ച



*കുറ്റ്യാനിക്കൽ ബിനോയിയുടെ വീട്ടിൽ നടന്ന ചർച്ച*

ബാരാപോൾ ജലവൈദ്യുത പദ്ധതി കനാൽ ചോർച്ചയെത്തുടർന്ന് ഭീഷണിയിലായ കുറ്റിയാനിക്കൽ ബിനോയിയുടെ വീട് ഏറ്റെടുക്കൽ ചർച്ച പരാജയപ്പെട്ടു. ജൂലൈ 4ന് ബിനോയിയുടെ വീട്ടിൽ വച്ച് നടന്ന ചർച്ചയിൽ അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, വാർഡ് മെമ്പർമാരായ ഐസക് ജോസഫ് പന്തംപ്ലാക്കൽ, ബിജോയ് പ്ലാത്തോട്ടത്തിൽ, സജി മച്ചിത്താനി എന്നിവരോടൊപ്പം കെ എസ് ഇ ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ടി ആർ ഷിബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ സാബു ജോസഫ്, അനിൽ കുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ സജി, എ ഇ മാരായ മെഹ്റൂഫ്, യദുലാൽ എന്നിവർ പങ്കെടുത്തു.

'വൈദ്യുതി ബോർഡംഗം അഡ്വ. മുരുകദാസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിനോയ് കുര്യൻ, എം എൽ എ സണ്ണി ജോസഫ്, മുൻ എം എൽ എ ഷൈലജ ടീച്ചർ എന്നിവരോടൊക്കെ സംസാരിച്ചിരുന്നു. എന്നിട്ടൊന്നും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. ഇന്ന് പദ്ധതിയുമായി ബന്ധപ്പെട്ട ആൾക്കാരുമായുള്ള ചർച്ചയാണ് നടക്കുന്നത്'. വാർഡ് മെമ്പർ ബിജോയ് പ്ലാത്തോട്ടത്തിൽ പറഞ്ഞു.

തന്റെ വീടും സ്ഥലവും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ ഏറ്റെടുക്കണമെന്നാണ് കുറ്റിയാനിക്കൽ ബിനോയിയുടെ ആവശ്യം. എന്നാൽ, ബിനോയിയുടെ ആവശ്യം തങ്ങളുടെ അധികാരത്തിൽ പെട്ടതല്ല എന്നാണ് മറുവാദം. 'ഞങ്ങളുടെ വീടിന്റെ അടിവശം മുഴുവൻ പോയി. എന്നിട്ടും ഇവർ വൈദ്യുതി ഉൽപ്പാദിപ്പിക്കണം എന്ന് നിർബന്ധം പറയുകയാണ്. ഞാൻ വള്ളിത്തോട് ടാക്സി ഓടിക്കുന്ന ആളാ. ഒരു അവസാന തീരുമാനം ആക്കാതെ ഇങ്ങനെ ചർച്ച നടത്തിയിട്ടൊന്നും കാര്യമില്ല. വീട് ഏറ്റെടുക്കും എന്നുള്ള ഉറപ്പ് ഞങ്ങൾക്ക് കിട്ടാതെ ഞങ്ങൾ ഇവിടെ നിന്നിറങ്ങില്ല'. ബിനോയ് പറഞ്ഞു.


വാർത്തകൾക്കും പരസ്യത്തിനും വിളിക്കൂ...9496698531

## എഡിറ്റോറിയൽ

### അന്നം മുട്ടിക്കരുതേ!

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ജീവിക്കാനുള്ള ഭക്ഷ്യ ഭക്ഷ്യേതര ഉൽപ്പന്നങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാറുകളും സംയുക്തമായി രൂപീകരിച്ച ഭക്ഷ്യ സുരക്ഷയ്ക്കായി സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന സംവിധാനമാണ് ഇന്ത്യയിലെ പൊതുവിതരണസമ്പ്രദായം (പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം, പി. ഡി. എസ്). 1960 കളിലെ ഗുരുതരമായ ഭക്ഷ്യ ക്ഷാമത്തിൽ നിന്നാണ് പി ഡി എസ് ഉത്ഭവിച്ചത്. ഹരിത വിപ്ലവവും കാർഷികോൽപാദന വളർച്ചയും 1970 കളിലും എൺപതുകളിലും ആദിവാസി മേഖലയിലേക്കും ദരിദ്രരുടെ ഇടയിലേക്കും പൊതു വിതരണ സമ്പ്രദായം വ്യാപിപ്പിച്ചു.

വർഷങ്ങളുടെ പാരമ്പര്യമുള്ള ഇന്ത്യൻ പൊതുവിതരണസമ്പ്രദായം റേഷൻ കാർഡിൽ നിന്നും ഇ- പോസ് മെഷീൻ വരെ എത്തിയിരിക്കുകയാണ്. റേഷൻ വാങ്ങുന്നതിനായി കാർഡിൽ ഉൾപ്പെട്ട അംഗത്തിന്റെ വിരലടയാളമോ രജിസ്റ്റർചെയ്ത മൊബൈലിലേക്ക് വരുന്ന ഒ. ടി. പി യോ മതിയാകും. കാലങ്ങളായി കേട്ടുപരിചിതമായ റേഷൻ ഉൽപന്നങ്ങളുടെ മറിച്ചു വിൽപനയും തട്ടിപ്പും ഇതോടെ ഇല്ലാതായെന്നു തന്നെ പറയാം.

ഇപ്പോൾ, റേഷൻ കടകൾ വഴി കേന്ദ്ര സർക്കാർ സൗജന്യമായി നൽകുന്ന ഭക്ഷ്യധാന്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താനായി പ്രത്യേക രസീതും ഏർപ്പാടാക്കിയിട്ടു്. എന്നാൽ തുടരെത്തുടരെയുള്ള ഇ-പോസ് മെഷീൻ തകരാറും അരിയുടെ ലഭ്യതക്കുറവും റേഷൻ അരിയെ മാത്രം ആശ്രയിക്കുന്ന സാധാരണക്കാർക്ക് ഒരു വെല്ലുവിളിയായി മാറിയിരിക്കുകയാണ്.

സജീവവും ആരോഗ്യകരവുമായ ജീവിതത്തിനായി എല്ലാ ആളുകൾക്കും എല്ലായ്പ്പോഴും അടിസ്ഥാന ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഭക്ഷ്യ സുരക്ഷ എന്ന ആശയം കൊർത്ഥമാക്കുന്നത്. ഭക്ഷണത്തിനായുള്ള അവകാശത്തെപ്പറ്റി ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേകം അനുച്ഛേദനങ്ങളൊന്നും ഇല്ലെങ്കിലും ഇരുപത്തിയൊന്നാം അനുച്ഛേദനത്തിലെ ജീവിക്കാനുള്ള അവകാശത്തിൽ ഭക്ഷണത്തിനായുള്ള അവകാശവും ഉൾപ്പെടുത്താവുന്നതാണ്. 2013ലെ ദേശീയ ഭക്ഷ്യസുരക്ഷ നിയമ പ്രകാരം ഭക്ഷ്യ സുരക്ഷയെ ക്ഷേമം എന്നതിൽ നിന്നും അവകാശമായി കണക്കാക്കി.

കഴിഞ്ഞ മാസങ്ങളിൽ എ വൈ വൈ മഞ്ഞ കാർഡിനായി അനുവദിച്ച റേഷൻ വിതരണത്തിൽ 70 ശതമാനത്തോളം പച്ചരിയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ മൂന്ന് മാസങ്ങളായി ലഭിക്കുന്നില്ല. മിക്ക സ്ഥലങ്ങളിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമായത് മാസം പകുതിയായതിന് ശേഷമാണ്. പച്ചരിയുടെ അതിപ്രസരവും വെള്ളരിയുടെ ലഭ്യതക്കുറവും കാരണം പൊതുജനങ്ങളുടെ എതിർപ്പിനിരയാവുന്നതാവട്ടെ വിതരണക്കാരായ റേഷൻ വ്യാപാരികളും!

റേഷൻ വിതരണത്തിലെ ക്രമക്കേടും ബയോമെട്രിക്കിന്റെ ഇടക്കിടെയുള്ള പണിമുടക്കലും ഇതിനിടയിൽ കേന്ദ്രസർക്കാർ റേഷൻ വിഹിതം നിർത്താൻ പോകുകയാണെന്നുള്ള ആശങ്കയും സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കുമ്പോൾ, മറുവശത്തു പച്ചക്കറി വില കുതിച്ചുയരുകയാണ്. ഇവയ്ക്കിടയിൽ ദൈനംദിന ജീവിതം മുന്നോട്ടു കൊുപോകുവാനായി പാടുപെടുമ്പോഴേക്കും പൊതുജനത്തിന്റെ നടുവൊടിയും എന്നത് തീർച്ച. ഇതിന് കാര്യക്ഷമമായ പ്രതിവിധി കത്തുക എന്നുള്ളത് ജനസേവകരുടെ ഉത്തരവാദിത്വമാണ്.

എഡിറ്റർ

## റേഷൻ കട; കുടുംബ കാര്യം

ജിസ്ന ഷിഫ




കർഷക കുടുംബം, വൈദ്യ കുടുംബം, വാദ്ധ്യാർ കുടുംബം മുതലായവ നമുക്കേറെ പരിചിതമാണ്. എന്നാൽ അത്ര പരിചിതമല്ലാത്ത, കേട്ടാൽ ഹരം കൊള്ളിക്കുന്ന ഒന്നാണ് റേഷൻ കട കുടുംബം- അപൂർവമായ ഒന്ന്.

മലബാറിലെ കുടിയേറ്റത്തിന്റെ ആദ്യ നാളുകളിൽ ആരംഭിച്ച റേഷൻ കട തലമുറകളായി നടത്തിക്കൊണ്ടുവരികയാണ് പി വി ഷാജിയും സഹോദരങ്ങളും. അച്ഛന്റെ ജ്യേഷ്ഠ സഹോദരൻ പി ജെ കുരുവിള തുടങ്ങി വച്ച റേഷൻ കട പാരമ്പര്യം ഇന്നും ഷാജിച്ചേട്ടന്റെയും സഹോദരങ്ങളുടെയും കൈകളിൽ ഭദ്രമാണ്.

'മലബാറിലെ കുടിയേറ്റത്തിന്റെ ചരിത്രമുണ്ട് മ്മടെ റേഷൻ കടക്ക്. ' ഷാജിച്ചേട്ടൻ അഭിമാനത്തോടെ പറയുകയാണ്. കീഴ്പ്പള്ളി, വള്ളിത്തോട്, ആനപ്പന്തി, എടൂർ മേഖലകളിലെ റേഷൻ കടകളാണ് കുടിയേറ്റ ചരിത്രമുള്ള ആ റേഷൻ കടകൾ. ഇവ നാലും നടത്തിക്കൊണ്ടുവരുന്നത് സഹോദരങ്ങളാണ്.

ആനപ്പന്തി റേഷൻ കടയാണ് ഷാജിച്ചേട്ടന്റേത്. ദേവഗിരി കോളേജിൽ നിന്ന് പ്രീ ഡിഗ്രി കഴിഞ്ഞ ഇദ്ദേഹം കമ്പ്യൂട്ടർ പഠനവും കഴിഞ്ഞാണ് റേഷൻ കടയിലേക്കെത്തുന്നത്. അച്ഛനെ സഹായിക്കാനായി കടയിൽ വന്നിരുന്ന ഷാജിച്ചേട്ടൻ പിന്നീട് അവിടെ സ്ഥിരമായി മാറുകയായിരുന്നു. മുപ്പത്തിരണ്ട് വർഷമായി അതിലൊരു മാറ്റവും സംഭവിച്ചിട്ടില്ല.

റേഷൻ വിതരണ സമ്പ്രദായം മൊത്തമായി നിർത്തുമോ എന്ന ആശങ്കയിലാണ് ഇപ്പോൾ അദ്ദേഹം. 'പൊതുവിതരണ സംവിധാനം കേന്ദ്ര സർക്കാർ മൊത്തമായി എടുത്തു കളയുവല്ലേ. പാവപ്പെട്ടവന് അന്നം കിട്ടാത്ത അവസ്ഥയിലേക്ക് റേഷൻ വിതരണം മാറുവാ..'

ഒരച്ഛന്റെ എട്ടു മക്കളിൽ നാല് പേരും റേഷൻ കട നടത്തിപ്പോരുകയാണ്. ഇവരാവട്ടെ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരും. കീഴ്പ്പള്ളി റേഷൻ കട നടത്തിപ്പോരുന്ന പി വി ജെയിംസ്, കരിക്കോട്ടക്കരി ഹൈസ്കൂളിലെ റിട്ടയർഡ് ഹെഡ് മാസ്റ്റർ ആണ്. എടൂർ റേഷൻ കടയിലെ പി വി ടോമിയാവട്ടെ സി ആർ പി എഫിലുമായിരുന്നു ജോലി ചെയ്ത് കൊണ്ടിരുന്നത്. തങ്ങളുടെ അച്ഛനും ചേട്ടനും തുടങ്ങിവെച്ച പാരമ്പര്യം ഇന്നും നിലനിർത്തിപ്പോരുകയാണ് ഇവർ.

ഓൾ കേരള റീടെയ്ൽ റേഷൻ ഡീലർസ് അസോസിയേഷൻ ഇരിട്ടി ഫർഗയിലെ ഭാരവാഹിയാണ് പി വി ഷാജി. പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന അദ്ദേഹത്തോട്, തന്റെ മക്കളും ഇനി റേഷൻ കടയിലേക്ക് വരുമോ എന്ന ചോദ്യത്തിന് അദ്ദേഹം പറയുകയാണ് 'നമ്മൾ വന്നത് അന്നത്തെ കാലഘട്ടം കൊണ്ടാണ്. നമ്മുടെ മക്കൾ ഇനി വരൂല്ല. അപ്പോത്തനും ഇത് തീരും. ഇതിനധികം ആയുസ്സില്ല. നമ്മൾ ഇതിന്റകത്ത് പെട്ടുപോയതല്ലേ..' സർവർ ഡൗൺ ആയ ബയോമെട്രിക്കുമായി മല്ലിടുമ്പോഴും ഷാജി ച്ചേട്ടന്റെ ആവലാതി ഇതായിരുന്നു. 'റേഷൻ പോയാ എല്ലാം പോയില്ലേ..'

## ഡോൺബോസ്കോ കോളേജിൽ നെറ്റ്ബോൾ പരിശീലനം

ഷഫ്ന ഷെറിൻ അയ്യൂബ്

അങ്ങാടികടവ് ഡോൺ ബോസ്കോ കോളേജിൽ സോക്കർ 9 സ്പോർട്സ് ഫൗഷേന്റെ നേതൃത്വത്തിൽ നെറ്റ്ബോൾ പരിശീലനം ആരംഭിച്ചു. ഓഗസ്റ്റ് 12, 13 തീയതികളിൽ കണ്ണൂരിൽ നടക്കുന്ന ഈ വർഷത്തെ സ്റ്റേറ്റ് സീനിയർ ചാമ്പ്യൻഷിപ്പിനു മുന്നോടിയായി ജില്ല ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകികൊിരിക്കുന്നത്. ജില്ല തലത്തിലുള്ള മത്സരങ്ങൾ ജൂലൈ 22 ഇന് നടക്കും.

'ഇപ്പോഴത്തെ കണ്ണൂർ ജില്ല ചാമ്പ്യൻമ്മാർ അക്കാദമിയിലെ കുട്ടികൾ തന്നെയാണ്. അത് മുന്നോട്ടും അത് പോലെ ആയിരിക്കുവാനാണ് ഈ പരിശ്രമം. അക്കാദമിയിലെ കുട്ടികളിൽ സ്റ്റേറ്റ് തലത്തിൽ കളിച്ച കുട്ടികളും സ്കൂൾ ഗെയിംസിൽ കേരള സ്കൂൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട രണ്ട് കുട്ടികളുമുണ്ട്.' പരിശീലകൻ സുജിത് കുമാർ പറഞ്ഞു.

സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ കൂടാതെ സ്കൂൾ തലങ്ങളിലേക്കും സബ് ജൂനിയർ മത്സരങ്ങളിലേക്കും പരിശീലനം നൽകി വരുന്നുണ്ട്. നെറ്റ്ബോൾ കൂടാതെ ഹാൻഡ്ബോൾ, അമേരിക്കൻ ഫ്ളാഗ് ഫുട്ബോൾ, സൈക്കിൾ പോളോ മുതലായ മത്സരങ്ങൾക്കും ഇപ്പോൾ പരിശീലനം നൽകുന്നു്. അങ്ങാടികടവ് യു പി, ഹൈ സ്കൂൾ ഗ്രൗണ്ടുകളിലായിരുന്നു പരിശീലനങ്ങൾ നടന്നിരുന്നത്. എന്നാൽ മഴ കാരണം തുടർപരിശീലനം ബുദ്ധിമുട്ടായപ്പോൾ അങ്ങാടികടവ് ഡോൺ ബോസ്കോ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിലേക്ക് മാറ്റുകയായിരുന്നു

'നിലവിലെ ചാമ്പ്യൻഷിപ്പ് നിലനിർത്താനാണ് ഞങ്ങളുടെ ഈ കഠിനാധ്വാനം. മഴയായതിനാൽ പരിശീലനം മുടങ്ങിയ അവസ്ഥയിലാണ് ഞങ്ങൾ ഡോൺ ബോസ്കോ കോളേജിന്റെ പ്രിൻസിപ്പാൾ ഫാദർ ഫ്രാൻസിസ് കാരക്കാട്ടിനോടും മാനേജരോടും സംസാരിക്കുന്നത്. ഞങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി കോളേജിന്റെ ഇൻഡോർ സ്റ്റേഡിയം പരിശീലനത്തിനായി അനുവദിച്ചു തന്നത്.' ഡയറക്ടർ ഷൈജു കെ സെബാസ്റ്റ്യൻ പറഞ്ഞു.

അങ്ങാടികടവ് ആസ്ഥാനമാക്കി പ്രവർത്തിച്ച് വരുന്ന സെൻട്രൽ ഗവൺമെന്റ് റജിസ്ട്രേഷൻ ഉള്ള അക്കാദമി 6 വർഷത്തോളമായി നിരവധി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. ഈ വർഷത്തെ മലയാള മനോരമയുടെ കേരളത്തിലെ മികച്ച അക്കാദമികളിൽ സോക്കർ 9 493ാം സ്ഥാനം നേടിയിരുന്നു.

## ഡെങ്കിപനി പ്രതിരോധിക്കാൻ 'തോട്ടങ്ങളിലൂടെ'

നഹല നസീർ

അയ്യൻകുന്ന് പഞ്ചായത്തിൽ ഡെങ്കിപനി ഉൾപ്പെടെയുള്ള കൊതുക് ജന്യ രോഗങ്ങൾ പ്രതിരോധിക്കാൻ 'തോട്ടങ്ങളിലൂടെ'ക്യാംപെയ്ൻ അങ്ങാടികടവ് പി.എച്ച്.സിയുടെ നേതൃത്വത്തിലാണ് പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു. പുക്കുണ്ടിൽ വെച്ച് 'തോട്ടങ്ങളിലൂടെ'ക്യാംപെയ്ൻ പുക്കുനിൽ വച്ച് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുതേൽ ഉദ്ഘാടനം ചെയ്തു.



ക്യാംപെയിനിൽ നിന്ന്

കൂടുതൽ റബർ തോട്ടങ്ങൾ ഉള്ള പ്രദേശമായ അയ്യൻകുന്നിൽ. മഴക്കാലത്തോട് അനുബന്ധിച്ചുള്ള കൊതുക് ജന്യ രോഗങ്ങൾ തടയാനുള്ള സജ്ജീകരണങ്ങൾ വളരെയധികം അത്യാവശ്യമാണ്. പി.എച്ച്.സിക്ക് കീഴിലുള്ള ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, ആരോഗ്യ വൊളിയന്റെർമാർ,ജാഗ്രതാ സമിതി അംഗങ്ങൾ എന്നിവരാണ് തോട്ടങ്ങളിലെ ഉറവിട നശീകരണവും ബോധവൽക്കരണവും നടത്തുന്നത്.

കഴിഞ്ഞ മൂന്നു വർഷമായി ഡെങ്കിപനി ഉൾപ്പെടെയുള്ള കൊതുക് ജന്യ രോഗങ്ങളുടെ വ്യാപനം ഉണ്ടാകാതിരിക്കാനുള്ള ആരോഗ്യ വകുപ്പും പഞ്ചായത്തും നടത്തുന്ന .'തോട്ടങ്ങളിലൂടെ'ക്യാംപെയ്നിലൂടെ കാതുക് ജന്യ രോഗങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുള്ളതായാണു ആരോഗ്യ വകുപ്പിന്റെ വിലയിരുത്തൽ.

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാനും, റബർ തോട്ടങ്ങളിലെ ചിരട്ട പൂർണ്ണമായി നീക്കം ചെയ്യാനും,പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് കൈമാറാനം.വീഴ്ച വരുത്തു വീട്ടുകാർക്കെതിരെ കേരള പൊതുജന ആരോഗ്യ നിയമ പ്രകാരം ശക്തമായ നിയമ നടപടി സ്വീകരിക്കുമെും ഹെൽത്ത് ഇൻസ്പെക്ടർ പി.പി. സന്തോഷ് അറിയിച്ചു.

'അയ്യൻകുന്ന് പഞ്ചായത്തിൽ ഡെങ്കിപനി ഉൾപ്പെടെയുള്ള രോഗങ്ങൾ തടയാൻ വേിയാണ് 'തോട്ടങ്ങളിലൂടെ'ക്യാംപെയ്ൻ തുടങ്ങിയത്. അത് പോലെ തന്നെ ഞായറാഴ്ചകളിൽ ഡ്രൈ ഡേ ആചരിക്കാനും, റബർ തോട്ടങ്ങളിലെ ചിരട്ട എടുത്തുമാറ്റാനുമുള്ള നിർദേശം നൽകിയിട്ടു്' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുതേൽ പറഞ്ഞു.

സ്ഥിരം സമിതി അധ്യക്ഷ സിന്ധു ബെന്നി അധ്യക്ഷ വഹിച്ചു. പഞ്ചായത്ത് അംഗം സെലീന ബിനോയ്, മെഡിക്കൽ ഓഫീസർ ഡോ.അനു മേരി ജോസ്, ഹെൽത്ത് ഇൻസ്പെക്ടർ പി.പി. സന്തോഷ് എന്നിവർ സംസാരിച്ചു.

## ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷ ക്ഷണിച്ചു

ജിസ്ന ഷിഫ

അയ്യങ്കുന്ന് പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തെ വിവിധ വ്യക്തിഗത ഗ്രൂപ്പ് ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷ ക്ഷണിച്ചു. വരും മാസങ്ങളിൽ നടക്കാനിരിക്കുന്ന ഗ്രാമസഭയിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ലഭിച്ച അപേക്ഷകൾ പരിശോധിക്കുകയും അംഗീകാരത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

അപേക്ഷ നൽകുവാനുള്ള ഫോറം അതത് വാർഡ് മെമ്പർമാരുടെയടുക്കൽ നിന്നും കൈപ്പറ്റി ജൂലൈ 10 ന് മുൻപായി പൂരിപ്പിച്ച് മെമ്പർമാരുടെ പക്കൽ തന്നെ തിരിച്ചേൽപ്പിക്കണം. ഗാർഹിക പോർട്ടബിൾ റിങ് കമ്പോസ്റ്റ്, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, ജൈവ വളത്തിന് സബ്സിഡി തുടങ്ങി പതിമൂന്നോളം പൊതുവിഭാഗം ആനുകൂല്യങ്ങളും നെൽകൃഷി സമഗ്ര വികസനം, ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം ചെയ്യുന്ന അനുയാത്ര പദ്ധതി മുതലായ എട്ടോളം ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളുമാണ് അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പട്ടിക ജാതി- പട്ടിക വർഗ വിഭാഗക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്കും ഒപ്പം പൊതു വിഭാഗ ആനുകൂല്യങ്ങൾക്കും അപേക്ഷിക്കാം. അപേക്ഷയോടൊപ്പം ആ വർഷത്തെ ഭൂനികുതിയും കെട്ടിട നികുതിയും ഒടുക്കിയ രസീത്, റേഷൻ കാർഡ്, ആധാർ കാർഡ്, ഹരിതകർമ്മ സേന മാസവരി കളക്ഷൻ കാർഡ് എന്നീ രേഖകളുടെ പകർപ്പുകൾ എന്നിവ ഹാജരാക്കണം. ഓരോ ആനുകൂല്യത്തിനും പ്രത്യേക അപേക്ഷ സമർപ്പിക്കണം.

## വായനദിനാഘോഷം നടത്തി

വി അനന്യ

അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യു. പി. സ്കൂളിൽ വായന ദിനം ആചരിച്ചു. വായനാദിനത്തോടനുബന്ധിച്ച് സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ കീഴിൽ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവഹിച്ചു.

ഇതേതുടർന്ന് ദീപിക 'നമ്മുടെ ഭാഷ' പദ്ധതിക്ക് ആരംഭം കുറിച്ചു. സ്കൂളിലെ ദീപിക പത്രത്തിന്റെ സ്പോസറായ റിട്ടയേർഡ് അധ്യാപകൻ ജോസഫ് മണ്ണാംപറമ്പിൽ വിദ്യാർത്ഥി പ്രതിനിധി ക്രിസ്പൽ റിജോ സെബാസ്റ്റിയന് പത്രം നൽകി പദ്ധതി ഉദ്ഘാടനം ചെയ്തു. അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, സ്കൂൾ ഹെഡ്മിസ്ട്രസ്സ് ഷൈനി മാത്യു, പി. ടി. എ. പ്രസിഡന്റ് സീമ സനോജ്, അധ്യാപകരായ സിസ്റ്റർ മരിയ, സിസ്റ്റർ റിൻസി, ജോഷി തോമസ്, ഷീബ ജോസഫ്, വിദ്യാർത്ഥി പ്രതിനിധികളായ ഫിലിപ്പ് ടെഡ്സ്, എറിൻ ജോർജ് എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ നടത്തി.

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ജിസ്ന ഷിഫ | സബ് എഡിറ്റേഴ്സ്: ഷഫ്ന ഷെറിൻ അയ്യൂബ്, നഹല നസീർ, കെ അനഘ, വി അനന്യ | ഫോട്ടോഗ്രാഫേഴ്സ്: നഹല നസീർ, ജിസ്ന ഷിഫ | ഡിസൈൻ: വി അനന്യ, കെ അനഘ